## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 956      14/06/2012 - ലെ മറുപടിക്ക്

### ഹയർ സെക്കണ്ടറിക്ക് പുതിയ സീറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. നാണു: | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) മലബാർ ഭാഗത്ത് തൃശ്ശൂർ ജില്ലയടക്കം എത്ര വിദ്യാലയങ്ങളിൽ ജില്ലകൾതോറും എത്ര പുതിയ സീറ്റുകൾ ഹയർ സെക്കണ്ടറിക്ക് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(എ) 2011-12 അദ്ധ്യയന വർഷം പുതുതായി അധിക ബാച്ച് അനുവദിച്ചതു പ്രകാരമുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ബാച്ചുകൾ അനുവദിച്ചത് | | | ആകെ സീറ്റുകൾ |
|---|---|---|---|---|
| | ഗവ. | എയ്ഡഡ് | ആകെ ബാച്ച് | |
| തൃശ്ശൂർ | 19 | 49 | 68 | 3400 |
| പാലക്കാട് | 24 | 44 | 68 | 3400 |
| മലപ്പുറം | 59 | 72 | 131 | 6550 |
| കോഴിക്കോട് | 20 | 60 | 80 | 4000 |
| കണ്ണൂർ | 10 | 39 | 49 | 2450 |
| ആകെ | 132 | 264 | 396 | 19800 |

ടി ബാച്ചുകളിൽ മാർജിനൽ ആയി പ്രവേശനം നൽകാവുന്ന 20% സീറ്റുകൾ കൂടി കണക്കിലെടുത്താൽ ടി ബാച്ചുകളിലായി ആകെ 23760 സീറ്റുകൾ ലഭ്യമാണ്.

(ബി) ഇനി എത്ര സീറ്റുകൾ വീതം ഓരോ ജില്ലയിലും ആവശ്യമുണ്ടെന്നും സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്രവീതം സീറ്റുകൾ അനുവദിച്ചുവെന്നും വിശദമാക്കുമോ;

(ബി) ടി ജില്ലകളിൽ 07/06/2012 തീയതിയിലെ ട്രയൽ അലോട്ടമെന്റിന് ശേഷം പ്ലസ് വൺ പ്രവേശനത്തിന് ലഭിച്ച അപേക്ഷകളുടെയും ലഭ്യമായ സീറ്റുകളുടെയും അടിസ്ഥാനത്തിൽ ഉള്ള കണക്ക് താഴെപറയും പ്രകാരമാണ്.

| ജില്ല | ആവശ്യമായ സീറ്റുകളുടെ എണ്ണം (ട്രയൽ അലോട്ട്മെന്റിനു ശേഷം പ്രവേശനം ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം) |
|---|---|
| തൃശ്ശൂർ | 11379 |
| പാലക്കാട് | 10407 |
| മലപ്പുറം | 18263 |
| കോഴിക്കോട് | 14626 |
| വയനാട് | 3514 |
| കണ്ണൂർ | 7468 |
| കാസർഗോഡ് | 3720 |
| **ആകെ** | **69377** |

2012-13 അദ്ധ്യയന വർഷം തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലായി താഴെപറയും പ്രകാരം 3 ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഹൈസ്കൂൾ, കൊരട്ടി, തൃശ്ശൂർ
സയൻസ് ബാച്ച് -1, ഹുമാനിറ്റീസ് ബാച്ച്-1

എ.കെ.എം ഹൈസ്കൂൾ, കോട്ടൂർ, മലപ്പുറം.
സയൻസ് ബാച്ച്-1, കോമേഴ്സ് ബാച്ച്- 1

കെ.പി.എസ്.എം.എം വി.എച്ച്.എസ്.എസ് വരോട്, ഒറ്റപ്പാലം, പാലക്കാട്.
സയൻസ് ബാച്ച്-1, ഹുമാനിറ്റീസ് ബാച്ച്-1

2012-13 അദ്ധ്യയന വർഷം പുതുതായി അധിക ബാച്ചുകൾ അനുവദിച്ചിട്ടില്ല എന്നറിയിക്കുന്നു.

(സി) പുതിയ സീറ്റുകൾ അനുവദിച്ച വിദ്യാലയങ്ങളിൽ ക്ലാസ് റൂം പണിയാൻ മലബാർ പാക്കേജിന്റെ ഭാഗമായി നടപടികൾ സ്വീകരിക്കുമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

Tamanloz

**സെക്ഷൻ ഓഫീസർ.**